ഭാരതീയ റിസർവ് ബാങ്ക്
www.rbi.org.in

ആർബിഐ/2020-21/28
ഡിഒആർ (പിസിബി).ബിപിഡി.സർ.നം.2/12.05.001/2020-21

ഓഗസ്റ്റ് 26, 2020

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
(എല്ലാ പ്രൈമറി (അർബൻ) കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെയും)

മാഡം/ പ്രിയപ്പെട്ട സർ,

**ബാങ്കിങ് റഗുലേഷൻ ആക്ട് 1949 (എഎസി.എസ്) ന്റെ സെക്ഷൻ 31 പ്രകാരമുള്ള റിട്ടേൺ സമർപ്പണം- സമയപരിധി നീട്ടുന്നു.**

ബാങ്കിങ് റഗുലേഷൻ ആക്ട്, 1949 ന്റെ സെക്ഷൻ 56 (ബാങ്കിങ് റഗുലേഷൻ ഭേദഗതി ഓർഡിനൻസ്, 2020 പ്രകാരം ഭേദഗതി വരുത്തിയ പ്രകാരം) നോടൊപ്പം ചേർത്ത് വായിക്കേണ്ടുന്ന ബാങ്കിങ് റഗുലേഷൻ ആക്ട്, 1949 (ആക്ട്) ന്റെ സെക്ഷൻ 31 അനുസരിച്ച്, ആക്ടിന്റെ സെക്ഷൻ 29-ൽ പരാമർശിച്ചിരിക്കുന്ന കണക്കുകളും ബാലൻസ്ഷീറ്റും ഓഡിറ്ററുടെ റിപ്പോർട്ട് സഹിതം നിർദ്ദിഷ്ട മാതൃകയിൽ പ്രകാശനം ചെയ്യേണ്ടതും അവയുടെ മൂന്ന് പകർപ്പുകൾ ബാലൻസ് ഷീറ്റ് തിയതി മുതൽക്ക് മൂന്ന് മാസത്തിനകം റിട്ടേണുകളായി റിസർവ് ബാങ്കിന് സമർപ്പിക്കേണ്ടതുമുണ്ട്. മുകളിൽ പരാമർശിച്ചിരിക്കുന്ന സെക്ഷനിലെ ആദ്യവ്യവസ്ഥയനുസരിച്ച് റിട്ടേണുകൾ സമർപ്പിക്കാനായി അനുവദിക്കുന്ന മൂന്ന് മാസക്കാലം, തുടർന്നുള്ള മൂന്ന് മാസത്തിൽ കവിയാതെയുള്ള കാലയളവിലേക്ക് ദീർഘിപ്പിച്ചു നൽകാൻ റിസർവ് ബാങ്കിന് അധികാരമുണ്ട്.

2. മുൻപറഞ്ഞ ഓർഡിനൻസ് മുഖേനയുള്ള ഭേദഗതി പ്രൈമറി (അർബൻ) കോ-ഓപ്പറേറ്റീവ് ബാങ്കുകൾ (യുസിബി) ക്കായി പരസ്യപ്പെടുത്തിയത് 2020 ജൂൺ 29- നാണെന്നതും കോവിഡ് 19 മഹാമാരി തുടരുന്നതിനാൽ റിട്ടേണുകൾ സമർപ്പിക്കാൻ യുസിബികൾ ബുദ്ധിമുട്ടുകൾ നേരിടുകയാണെന്നതും പരിഗണിച്ച് 2020 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തേക്കുള്ള മുൻപറഞ്ഞ റിട്ടേൺ സമർപ്പിക്കുന്നതിനായി

കൂടുതൽ സമയം അനുവദിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടിരിക്കുന്നു.

3. ഈ പശ്ചാത്തലത്തിൽ, 2020 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തികവർഷത്തേക്ക്, ആക്ടിന്റെ 31-ാം വ്യവസ്ഥ പ്രകാരമുള്ള റിട്ടേണുകൾ സമർപ്പിക്കുവാൻ വേണ്ടി മുൻപറഞ്ഞ മൂന്ന് മാസക്കാലം മറ്റൊരു മൂന്ന് മാസക്കാലത്തേക്ക് കൂടി തുടർന്നും നീട്ടി നൽകിയിരിക്കുന്നു. ഇതിൻപ്രകാരം എല്ലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളും മുൻപറഞ്ഞ റിട്ടേണുകൾ 2020 സെപ്റ്റംബർ 30 നോ അതിനു മുൻപായോ സമർപ്പിക്കുന്നത് ഉറപ്പുവരുത്തേണ്ടതാകുന്നു.

താങ്കളുടെ വിശ്വസ്തതയുള്ള

(നീരജ് നിഗാം)

ചീഫ് ജനറൽ മാനേജർ